

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ എൽ എം-പി.10/2139/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 06/12/2024
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ എൽ എം-പി.10/2139/24 തീയ്യതി: 06/12/2024

കൊല്ലം ജില്ലയിലെ ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-05-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സജികുമാർ.ജി	ഡെപ്യൂട്ടി ഡയറക്ടർ	13-11-2024	21-11-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
13-11-2024	21-11-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അജ്മൽ എ.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ശ്രീജ എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അരുൺജിത്ത് ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ജയകൃഷ്ണൻ എം കെ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.എസ്.ശ്രീകുമാർ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീമതി സംഗീത സി.ആർ	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.രവിവർമ്മകുമാർ എം.പി.	അസി.സെക്രട്ടറി	01-04-2023	31-03-2024
ശ്രീ.ആൻസൺ.വി.കുഞ്ഞച്ചൻ	കൃഷി ഓഫീസർ	01-04-2023	31-03-2024
ശ്രീമതി .മിനി	ഹെഡ്മിസ്ട്രസ്	01-04-2023	31-03-2024
ഡോ.ഗുരുപ്രിയ.എസ്	വെറ്റിനറി സർജൻ	01-04-2023	31-03-2024
ഡോ.എം.കെ.വിമല	മെഡിക്കൽ ഓഫീസർ.സി.എച്ച്.സി	01-04-2023	21-06-2023
ഡോ.ബുഷ്റ	മൈഡിക്കൽ ഓഫീസർ.സി.എച്ച്.സി	22-06-2023	31-03-2024
ശ്രീമതി .ബിനുജ	വി.ഇ,ഓ2	01-04-2023	31-03-2024
ശ്രീ.ദീപക്.ഡി.എസ്	വി.ഇ,ഓ1	01-04-2023	31-03-2024
ശ്രീമതി .ലതികുമാരിയമ്മ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	31-03-2024
ഡോ.നാൻസി.എ.കരീം	മെഡിക്കൽ ഓഫീസർ.ഹോമിയോ	01-04-2023	31-03-2024
ഡോ.മെർലിൻ	മെഡിക്കൽ ഓഫീസർ.ആയുർവേദ	01-04-2023	31-03-2024
ശ്രീ.വിനോദ്കുമാർ	അസി.എഞ്ചിനീയർ ഇൻചാർജ്ജ്	01-04-2023	12-07-2023
ശ്രീ.മുഹമ്മദ്ദ് ആഷിക്ക്	അസി.എഞ്ചിനീയർ	13-07-2023	31-03-2024
ശ്രീ.മേരിദാസ്	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-04-2023	31-03-2024
ശ്രീമതി .മിനിഷ	അക്രഡിറ്റഡ് എഞ്ചിനീയർ എം.ജി.എൻ.ആർ.ഈ.ജി.എസ്	01-04-2023	31-03-2024
ശ്രീ.ഉമേഷ് കുമാർ	ഡയറി ഫാം ഇൻസ്പെക്ടർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല	1-1.2
3	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല	1-1.1
4	എ.സി.ആർ. പ്രകാരമുള്ള ചെലവും എ.എഫ്.എസ്. പ്രകാരമുള്ള ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു.	1-1.3
5	ബജറ്റ്	1-2
6	സാമ്പത്തിക വിശകലനം	1-3
7	ഗ്രാന്റുകളുടെ വിനിയോഗം	1-4
8	തൊഴിലുറപ്പ് പദ്ധതി	1-5
9	പദ്ധതി അവലോകനം	1-6
10	ക്ഷേമപദ്ധതികൾ	1-7
11	ക്യാഷ് പരിശോധന	1-8
12	ആഭ്യന്തര നിയന്ത്രണം	1-9
13	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
14	തൊഴിൽ നികുതി ഈടാക്കിയില്ല	1-11
15	ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടയുടെ വാടക വർദ്ധിപ്പിച്ചിട്ടില്ല	1-12
16	ലൈസൻസ് എടുക്കുന്നത് - സംബന്ധിച്ച്.	1-13
17	ഓഡിറ്റോറിയം, കൺവെൻഷൻ സെന്റർ അനധികൃതമായി പ്രവർത്തിക്കുന്നു.	1-14
18	തുക മുൻകൂർ നൽകിയിട്ടും KMSCL-ൽ നിന്നും മെഡിക്കൽ ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.	1-15
19	കുടിവെള്ള ടാപ്പുകൾ ഡിസ്മാന്റിൽ ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് തുക ഒടുക്കി - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.	1-16
20	മെൻസ്ട്രൽ കപ്പ് വിതരണ രേഖകൾ ഹാജരാക്കിയില്ല-97,200/- രൂപ തടസ്സപ്പെടുത്തുന്നു.	1-17
21	തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ-സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാങ്ങൽ നടത്തി	1-18
22	പ്രോജക്ട് ചെലവിന് ഗുണഭോക്തൃ വിഹിതം വിനിയോഗിച്ചില്ല – വികസനഫണ്ടിൽ നിന്ന് അധികച്ചെലവ്	1-19
23	പ്രോജക്ട് നടത്തിപ്പിൽ സബ്സിഡി നിർദ്ദേശങ്ങൾക്കനുസൃതമായ രേഖകകൾ സൂക്ഷിച്ചിട്ടില്ല	1-20
24	വീട് വാസയോഗ്യമാക്കൽ - ആദ്യ ഗഡു ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല	1-21
25	ലൈഫ് ഭവന നിർമ്മാണ പദ്ധതി- ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.	1-22
26	തെരുവ് വിളക്കുകളുടെ പരിപാലനം-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല	1-23

27	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക വർഷാവസാനം തിരികെ ഒടുക്കിയില്ല	1-24
28	റിസ്റ്റോറേഷൻ ചാർജ് കുറവ് കണക്കാക്കിയത് മൂലം 90222.04 രൂപയുടെ നഷ്ടം	1-25
29	തനത് ആസ്തി വികസനത്തിന് സംരക്ഷണ ഗ്രാന്റ് (റോഡിതരം) ഉപയോഗിച്ചു.	1-26
30	MGNREGS - കരാറിൽ ഏർപ്പെട്ട സപ്ലൈയർമാർ നിർമ്മാണ സാമഗ്രികൾ പ്രവൃത്തി സ്ഥലത്ത് വിതരണം ചെയ്യ്തില്ല.	1-27
31	അങ്കൺവാടി നിർമ്മാണം (അങ്കൺവാടി No:74) പദ്ധതി വിഹിതം തിരികെ ലഭിച്ചിട്ടില്ല.	1-28
32	ഹോമിയോ മരുന്നുകൾ ലഭിക്കുവാൻ അവശേഷിക്കുന്നു.	1-29
33	എം സി എഫ് നിർമ്മാണം അപാകതകൾ	1-30
34	ഹരിതകർമ്മസേന - പ്രവർത്തനാവലോകനം	1-31
	ഭാഗം 2	
1	റിസ്റ്റോറേഷൻ ചാർജ് കുറവ് കണക്കാക്കിയത് മൂലം 90222.04 രൂപയുടെ നഷ്ടം	2-1
	ഭാഗം 3	
1	തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ-സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാങ്ങൽ നടത്തി	3-1
	ഭാഗം 4	
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ	4-8
9	ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	4-11
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധപത്രികകൾ	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

1. ശൂരനാട് വടക്ക് ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 22.06.2024 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 25.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ശൂരനാട് വടക്ക് ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൊല്ലം.
തീയതി : 06-12-2024.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

<u>1-1.2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല</u>

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവൃത്തികളിൽ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ = 32,41,021/-രൂപ.

നീക്കിയിരിപ്പും മുന്നിരിപ്പും തമ്മിലുള്ള വ്യത്യാസം (40b-40a) = 4,32,614/-രൂപ.

1-1.1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല

റേഷ്യോസ്, നോട്ട്സ് ഓൺ അക്കൗണ്ട് എന്നിവ വാർഷിക കണക്കിനൊപ്പം ഉൾപ്പെട്ടിട്ടില്ല.

1-1.3 എ.സി.ആർ. പ്രകാരമുള്ള ചെലവും എ.എഫ്.എസ്. പ്രകാരമുള്ള ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു.

എ.സി.ആർ. പ്രകാരമുള്ള ചെലവും എ.എഫ്.എസ്. പ്രകാരമുള്ള ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു.

ഫണ്ടിനം	എ.സി.ആർ. പ്രകാരമുള്ള ചെലവ് (₹) (സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ)	സുലേഖ പത്രിക/ എ.എഫ്.എസ്. പ്രകാരമുള്ള തുക (₹)	വ്യത്യാസം (₹)
വികസന ഫണ്ട് (പൊതുവിഭാഗം)	1,46,43,213/-	1,45,98,262/-	44,951/-
മെയിന്റനൻസ് ഫണ്ട് (റോഡ്)	41,63,192/-	35,78,876/-	5,84,316/-

1-2 ബജറ്റ്

ബജറ്റ് 24/03/2023 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 12-02-2024 തീയതിയിലെ 1(1) തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	1,82,22,542/- രൂപ
വരവ്	5,49,55,736/- രൂപ
ആകെ	7,31,78,278/- രൂപ
ചെലവ്	5,45,23,122/- രൂപ
നീക്കിയിരിപ്പ്	1,86,55,156/- രൂപ
വരവിനത്തിലുള്ള നഷ്ടം	90,222/- രൂപ
ഓഡിറ്റിൽ അംഗീകരിക്കാത്ത തുക/ നിരാകരിക്കുന്ന തുക	51,360/- രൂപ
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	13,25,892/-രൂപ

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവു ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഇല്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

1-4 ഗ്രാന്റുകളുടെ വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	ലാപ്സായ/ നീക്കിയിരിപ്പ് തുക (₹)
വികസനഫണ്ട്(ജനറൽ)	0	17666000/-	17666000/-	14598262/-	3067738/-
വികസനഫണ്ട്(എസ്.സി.പി)	0	14983000/-	14983000/-	14322349/-	660651/-
സി.എഫ്.സി. ടൈഡ് (ബാങ്ക്)	1792853/-	2194000/-	3986853/-	3656316/-	330537/-
സി.എഫ്.സി. അൺടൈഡ് (ബാങ്ക്)	314287/-	2985769/-	3300056/-	2127230/-	1172826/-

മെയിന്റനൻസ് ഫണ്ട് (റോഡ്)	0	10208650/-	10208650/-	3578876/-	6629774/-
മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)	0	4268600/-	4268600/-	4266365/-	2235/-
സംസ്ഥാനാവിഷ്കൃത ഗ്രാന്റ്					
കാവുകളുടെ സംരക്ഷണം	5345/-	0	5345/-	0	5345/-
ലൈഫ് മിഷൻ- സ്റ്റേറ്റ് ഷെയർ	4750000/-	5000000/-	9750000/-	9750000/-	0
ബഡ്സ് സ്കൂൾ	1060720/-	0	1060720/-	40500/-	1020220/-
കേന്ദ്രാവിഷ്കൃത ഗ്രാന്റ്					
MGNREGS	3385/-	1458709/-	1462094/-	1450337/-	11757/-
ICDS	703799/-	2553262/-	3257061/-	852269/-	2404792/-
സമ്പൂർണ്ണശുചിത്വം	1091969/-	9140/-	1101109/-	964690/-	136419/-
ഹെൽത്ത് ഗ്രാന്റ് വെൽനസ്	44453/-	409974/-	454427/-	381496/-	72931/-
ഹെൽത്ത് ഗ്രാന്റ് ബിൽഡിംഗ്	0	8443554/-	8443554/-	0	8443554/-
ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക്	121195/-	985060/-	1106255/-	921987/-	184268/-

1-5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ്₹	നീക്കിയിരുപ്പ് ₹
ഭരണചെലവുകൾ MNREGA A/C	3,385/-	14,58,709/-	14,62,094/-	14,50,337/-	11,757/-
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	-	8,54,71,175/-	8,54,71,175/-	8,54,71,175/-	-

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
196	28,29,31,776/-	120	7,87,67,133/-	0	76	61%

1-7 ക്ഷേമപദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)
കർഷകതൊഴിലാളി പെൻഷൻ	55,08,400/-
വിധവാപെൻഷൻ	1,50,87,200/-
വാർദ്ധക്യകാലപെൻഷൻ	2,59,59,200/-
വികലാംഗപെൻഷൻ	51,83,600/-
വിധവകളുടെ മക്കളുടെ വിവാഹ ധനസഹായം	90,000/-
50 വയസു കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	3,10,600/-

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2024-ന് 03.15 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,290/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും വിവിധ മേഖലകളിലുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ

മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

1) ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസം.

ഐ.എൽ.ജി.എം.എസ്. സോഫ്റ്റ് വെയറിൽ നിരവധി ഫയലുകൾ തീർപ്പാക്കുവാൻ ബാക്കിയുണ്ട്. സമയപരിധി കഴിഞ്ഞ ഫയലുകളും ന്യൂനതകൾ പരിഹരിക്കുവാനുള്ള ഫയലുകളും ഇവയിൽ ഉൾപ്പെടുന്നു. ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുകയും ഓഫീസ് തീരുമാനങ്ങൾ നടപ്പിലാകുന്നുണ്ടോ എന്ന് സെക്രട്ടറിയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുമാണ്.

2) മോണിറ്ററിംഗ് ഫലപ്രദമാകുന്നില്ല.

വിവിധ സ്ഥിരം സമിതികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്ഥിരം സമിതികൾ തന്നെയും വീഴ്ച വരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല. സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. മോണിറ്ററിംഗ് സംബന്ധിച്ച വിശദാംശങ്ങൾ വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സിൽ രേഖപ്പെടുത്തുന്നില്ല.

3) പ്രതിമാസ വരവുചെലവു കണക്ക് പരിശോധന.

പ്രതിമാസ വരവു ചെലവു കണക്ക് ധനകാര്യ സ്ഥിരം സമിതി അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടേയും രേഖകളുടേയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്. ധനകാര്യ സ്ഥിരം സമിതി ശിപാർശ ചെയ്യുന്ന വരവു-ചെലവു കണക്കുകൾ ജനറൽ കമ്മിറ്റി വിശദമായി ചർച്ച ചെയ്തു അംഗീകരിക്കേണ്ടതാണ്.

4) വരുമാന വർദ്ധനവ്.

തനത് വരുമാനവർദ്ധനവിനുതകുന്ന എല്ലാ സ്രോതസ്സുകളും പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ ധനകാര്യ സ്ഥിരം സമിതി സ്വീകരിക്കേണ്ടതാണ്.

5) ആസ്തി രജിസ്റ്റർ – അപാകത

ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കാലികമാക്കി സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിൽ ആയത് ഉൾപ്പെടുന്ന വാർഡുകൾ രേഖപ്പെടുത്തുന്നില്ല.

6) ധനകാര്യ സ്ഥിരം സമിതി.

വിഭവ സമാഹരണത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നില്ല. വിഭവ ചോർച്ച തടയുന്നതിനുള്ള നിർദേശങ്ങൾ നൽകുന്നില്ല. കെട്ടിടങ്ങൾ, ഭൂമികൾ, ട്രേഡേഴ്സ് എന്നിവരുടെ സമ്പൂർണ്ണ പട്ടിക തയ്യാറാക്കിയിട്ടുണ്ടന്ന് ധനകാര്യ സ്ഥിരം സമിതി ഉറപ്പാക്കിയിട്ടില്ല.

7) വർക്കിംഗ് ഗ്രൂപ്പുകൾ.

ചില വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്ട്സിൽ അജണ്ട, തീരുമാനങ്ങൾ രേഖപ്പെടുത്തൽ ഇല്ല. വർക്കിംഗ് ഗ്രൂപ്പുകൾ വാർഷിക പദ്ധതി രൂപീകരണത്തിൽ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നില്ല എന്നത് മിനിട്ട്സ് രേഖകളിൽ നിന്നും വ്യക്തം. സ്ഥിരം സമിതികൾ ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തെ നിരീക്ഷിക്കേണ്ടതാണ്.

8) ഗ്രാമസഭ.

ഗ്രാമസഭ മിനിട്ട്സിൽ കൺവീനർമാർ ഒപ്പ് രേഖപ്പെടുത്തുന്നില്ല. മിനിട്ട്സ് രേഖകൾ പകർപ്പ്

ഉദ്യോഗസ്ഥർക്ക് നൽകുന്നില്ല. ഓഡിറ്റ് റിപ്പോർട്ട്, പദ്ധതി നിർവ്വഹണം, പൊതുമരാമത്ത് ഫയലുകൾ എന്നിവ ഗ്രാമസഭകളിൽ ചർച്ച ചെയ്യുന്നില്ല. ഗ്രാമസഭ ഉത്തരവാദിത്വങ്ങൾ പൂർണ്ണമായി നിർവ്വഹിക്കുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	15.01.2023	10/2022 മുതൽ 12/2022 വരെ	17.03.2023
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	01.12.2018 മുതൽ 11.12.2018 വരെ	2013-14 മുതൽ 2017-18 വരെ	18.01.2019

1-11 തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ റേഷൻ വ്യാപാരികൾ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, എന്നിവരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ബന്ധപ്പെട്ട വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻകൃയറിയ്ക്ക് റേഷൻ വ്യാപാരികൾ തൊഴിൽനികുതി ഒടുക്കു വരുത്തുന്നതിൽ നിന്നും ബഹു. ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഉത്തരവ് നേടിയിട്ടുണ്ടെന്നും കരാറുകാർ, സൂപ്പർവൈസർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതാണെന്നും മറുപടി നൽകി.

ഓഡിറ്റ് എൻകൃയറി നം 21/20.11.24.

1-12 ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടയുടെ വാടക വർദ്ധിപ്പിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കട മുറികൾക്ക് 2023-24 സാമ്പത്തിക വർഷം 5% വാടക വർദ്ധിപ്പിച്ച് 18.03.2023 ലെ 5-ാംനമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ടെങ്കിലും 10-ാം നമ്പർ കട മുറിയുടെ വാടക അപ്രകാരം വർദ്ധിപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് കെട്ടിടത്തിന്റെ വാടക പുതുക്കി നിശ്ചയിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ 13.01.2023 തീയതിയിലെ 17(1) നമ്പർ തീരുമാനപ്രകാരം എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപെടുത്തിയിട്ടുള്ളതും ടി കെട്ടിടം നിൽക്കുന്ന സ്ഥലത്തിന്റെ ലാന്റ് വാല്യൂ നിർണ്ണയിക്കുന്ന മുറയ്ക്ക് വാടക നിർണ്ണയിച്ച് നൽകുന്നതാണെന്നും ടി സ്ഥലത്തിന്റെ ലാന്റ് വാല്യൂ നിർണ്ണയിച്ച് ലഭ്യമാക്കുന്നതിന് ശൂരനാട് വില്ലേജ് ഓഫീസിൽ നിന്ന് 12.06.2023-ന് കത്ത് നൽകിയിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാടക പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി – 08/18.11.2024.

1-13 ലൈസൻസ് എടുക്കുന്നത് - സംബന്ധിച്ച്.

1. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി)നം. 80/2017, എസ്.ആർ.ഒ. നം. 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം) ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ (പട്ടിക 1 ക്രമ നം. 149) ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലുള്ള 19 റേഷൻകടകളും ലൈസൻസ് എടുത്തിട്ടില്ല. അപാകത ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് ലൈസൻസ് എടുക്കുന്നത് സംബന്ധിച്ച് കേസ് നിലനിൽക്കുന്നതിനാൽ ആയതിന്റെ വിധി വരുന്ന മുറയ്ക്ക് ലൈസൻസ് എടുക്കുന്നതാണെന്ന് ആൾ കേരള റേഷൻ ഡീലേഴ്സ് അസോസിയേഷൻ മുഖേന അറിയിച്ചിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2. ഹരിതമിത്രം ആപ്പിൽ 552 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് .ലൈസൻസ് രജിസ്റ്റർ പ്രകാരം 424 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുക്കുകയോ പുതുക്കുകയോ ചെയ്തിട്ടുള്ളത്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് 552 സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തിട്ടുള്ളതും,

അടഞ്ഞ് കിടക്കുന്നതും, പ്രവർത്തിക്കാത്തതുമായ കടകൾ ഒഴികെ ഉള്ളവയ്ക്ക് നോട്ടീസ് നൽകി ലൈസൻസ് എടുപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി.
ഓഡിറ്റ് എൻകൃയറി നം – 07/18.11.2024.

1-14 ഓഡിറ്റോറിയം, കൺവെൻഷൻ സെന്റർ അനധികൃതമായി പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 4-ാം വാർഡിൽ പ്രവർത്തിക്കുന്ന അമരാദ്രി, 10-ാം വാർഡിലെ റാബ കൺവെൻഷൻ സെന്റർ എന്നീ കെട്ടിടങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നതായി 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ടി വിഷയത്തിന്മേൽ പഞ്ചായത്ത് സ്വീകരിച്ച തുടർനടപടി വിവരങ്ങൾ അറിയുന്നതിനായി നൽകിയ എൻകൃയറിക്ക് (23/24—21/11/24) മറുപടിയായി 4-ാം വാർഡിൽ പ്രവർത്തിക്കുന്ന അമരാദ്രി, എന്ന അസംബ്ലി ഗണത്തിൽപ്പെട്ട കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം ഡേറ്റ ബാങ്കിൽ ഉൽപ്പെട്ട സ്ഥലം ആയതിനാൽ ആയത് തരം മാറ്റി അപേക്ഷ സമർപ്പിക്കുന്നതിന് നേരിട്ട് അറിയിച്ചിട്ടുള്ളതാണ് എന്നും റാബ ഓഡിറ്റോറിയം ക്രമവത്കരണത്തിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണെന്നും അപാകതകൾ ഉള്ളതിനാൽ ആയത് പരിഹരിച്ച് അറിയിക്കുവാൻ നിർദ്ദേശം നൽകുകയും ആയത് ലഭ്യമാക്കാത്തതിനാൽ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235 AA പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം കെട്ടിട ഉടമയ്ക്ക് രേഖാമൂലം നൽകിയിട്ടുള്ളതാണെന്നും അറിയിച്ചു. അമരാദ്രി കെട്ടിടവുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല. റാബ ഓഡിറ്റോറിയം നിർമ്മിക്കുന്നതിനായി പെർമിറ്റ് എടുത്തെങ്കിലും കെട്ടിട നിർമ്മാണം പൂർത്തീകരിച്ച ശേഷം കെട്ടിടത്തിന് ഒക്കുപൻസി സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. നിലവിൽ ഗ്രാമപഞ്ചായത്തിന്റെ സമീപം അനധികൃതമായി പ്രവർത്തിക്കുന്ന ടി കെട്ടിടത്തിനെതിരെ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യൂ.എ.' കെട്ടിട നമ്പർ അനുവദിച്ച് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എ.എ.(1) വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കേണ്ടതും, 235എ.എ.(2) (3) (4) (5), 235 ഡബ്ല്യൂ വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അമരാദ്രി ഓഡിറ്റോറിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ KPBR ചട്ടങ്ങൾക്കനുസൃതമായി ക്രമവത്കരിക്കുകയോ പൊളിച്ചുമാറ്റുകയോ ചെയ്യുന്നതിനും, ആവശ്യമായ പരിശോധനകൾ നടത്തി നടപടികൾ സ്വീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്. റാബ ഓഡിറ്റോറിയം കെട്ടിടത്തിന്റെ നികുതി നിർണ്ണയിക്കുകയും നിർമ്മാണ പൂർത്തീകരണം മുതലുള്ള നികുതി ഈടാക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി നം. 23/21.11.2024.

1-15 തുക മുൻകൂർ നൽകിയിട്ടും KMSCL-ൽ നിന്നും മെഡിക്കൽ ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

2023-24 വർഷത്തിൽ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നിർവ്വഹണം നടത്തിയ പദ്ധതികൾ പ്രകാരം മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി KMSCL ന് മുൻകൂർ തുക നൽകിയെങ്കിലും ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പദ്ധതി	പെർഫോമ ഇൻവോയിസ്	ബിൽ നം	ലഭ്യമാകുവാനുള്ള ഉപകരണത്തിന്റെ വിവരം തുക (രൂപ)	തുക (രൂപ)
177/24- സാമൂഹികാരോഗ്യകേന്ദ്രത്തിലെ രോഗ നിർണ്ണയ പ്രവർത്തനങ്ങൾ അടങ്കൽ തുക-969000/- (ഹെൽത്ത് ഗ്രാന്റ്)	PRF 136/13.12.23	ബിൽ നം. 202 തീയതി 28.12.23	TROP T/I ANALYZER	1,19,947/-
	PRF 126/7.12.23		Vertical Autoclav	12,500/-
	PRF 156/1.1.24		Reagent Refrigerator	1,78,721/-
			ആകെ	3,11,168/-

ആയതിൻമേൽ സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം 4/15.11.24) മറുപടിയായി ഉപകരണങ്ങൾ

ലഭ്യമാക്കുന്നതിനായി കെ.എം.എസ്.സി.എലിന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ലഭ്യമാകുവാൻ അവശേഷിക്കുന്ന ഉപകരണങ്ങളുടെ വിലയായ 3,11,168/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക-3,11,168/-രൂപ.
ഓഡിറ്റ് എൻകൃയറി നം – 4/15.11.24.

1-16 കുടിവെള്ള ടാപ്പുകൾ ഡിസ്മാന്റിൽ ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് തുക ഒടുക്കി - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നം.	(183/24), കുടിവെള്ള ടാപ്പ് കണക്ഷൻ റദ്ദാക്കൽ
അടങ്കൽ തുക	₹5,43220/- (തനത് ഫണ്ട്)
ചെലവഴിച്ച തുക	₹5,43220/(ചെക്ക് നം 965990/18.3.24)

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി ഉപയോഗശൂന്യമായ സ്ട്രീറ്റ് ടാപ്പുകൾ ഡിസ്മാന്റിൽ ചെയ്യുന്നതിനായി വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് നം. ESTNoWRD/KWA-CE(SR) EST/12124/23-5-1-1 പ്രകാരം 5,43,220/-രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. കരാർ വച്ചിട്ടില്ല. പൊതു ടാപ്പുകൾ ഡിസ്കണക്ട് ചെയ്യുന്നതിനായി വാട്ടർ അതോറിറ്റി നടപടികൾ ആരംഭിച്ചതായി മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻകൃയറിക്ക് (നം. 11/16.11.2024) മറുപടിയായി അറിയിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ/ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 5,43,220/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻകൃയറി നം. 11/16.11.2024.
തടസ്സപ്പെടുത്തിയ തുക – 5,43,220/-രൂപ.

1-17 മെൻസ്ട്രൽ കപ്പ് വിതരണ രേഖകൾ ഹാജരാക്കിയില്ല-97,200/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.
പ്രോജക്റ്റ് നമ്പർ	175/24, മെൻസ്ട്രൽ കപ്പ് വിതരണം.
അടങ്കൽ തുക	1,08,000/- രൂപ (തനത് ഫണ്ട്)
ചെലവഴിച്ച തുക	1,08,000/-രൂപ (ചെക്ക് നം. 777153/5.2.24)

ഗ്രാമ പഞ്ചായത്തിലെ ഹരിത കർമ്മ സേനാംഗങ്ങളെയും തൊഴിലുറപ്പ് തൊഴിലാളികളെയും ഗുണഭോക്താക്കളായി നിശ്ചയിച്ചുക്കൊണ്ട് മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും (ഇൻവോയ്സ് നം. 9423051276/13.3.24) 360 മെൻസ്ട്രൽ കപ്പുകൾ ഒന്നിന് 300/- രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ ഹരിത കർമ്മ സേനാംഗങ്ങൾക്ക് 36 മെൻസ്ട്രൽ കപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ, തൊഴിലുറപ്പ് തൊഴിലാളികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഇവ ഹാജരാക്കിയിട്ടില്ല. തൊഴിലുറപ്പ് തൊഴിലാളികൾക്ക് വാങ്ങിയ മെൻസ്ട്രൽ കപ്പുകൾ അതാത് വാർഡ് മെമ്പർമാർക്ക് വിതരണം ചെയ്തതായി മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻകൃയറിക്ക് മറുപടിയായി അറിയിച്ചു. എന്നാൽ വാർഡ് മെമ്പർമാർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. 324 മെൻസ്ട്രൽ കപ്പുകളുടെ വിതരണ രേഖകൾ ഹാജരാക്കാത്തതിനാൽ 97,200/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻകൃയറി നം 4/ 14 -11-24.

തടസ്സപ്പെടുത്തുന്ന തുക- 97,200/- രൂപ.

1-18 തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ-സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാങ്ങൽ നടത്തി

നിർവ്വഹണോദ്യോഗസ്ഥ	സെക്രട്ടറി

പ്രോജക്റ്റ് നമ്പർ	4/24, തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ
അടങ്കൽ തുക	5,00,000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവഴിച്ച തുക	4,99,195/-രൂപ (XVFC/23-24/P/23.1.24)

2023-24 സാമ്പത്തിക വർഷം മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി കൊച്ചുമേലതിൽ ഏജൻസീസിൽ നിന്നും 4,99,195/-രൂപ ചെലവഴിച്ച് തെരുവ് വിളക്കുകൾ വാങ്ങിയിട്ടുണ്ട്. ആയതിന്റെ വാങ്ങൽ നടപടിക്രമങ്ങളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ആവശ്യകത നിർണ്ണയിക്കാതെ ടെണ്ടർ ക്ഷണിക്കുന്നു.

15.5.23 ലെ എസ്.സി3-2040/23-24 നം. ഇ-ടെണ്ടർ നോട്ടീസ് പ്രകാരം ടി പ്രോജക്ടിനായി പത്തിനം ഉപകരണങ്ങൾക്കാണ് ടെണ്ടർ ക്ഷണിച്ചിരുന്നത്. ഉപകരണങ്ങൾക്ക് എല്ലാ നികുതികളും ഉൾപ്പടെയുള്ള നിരക്കാണ് രേഖപ്പെടുത്തുവാൻ ആവശ്യപ്പെട്ടിരുന്നത്.

മേൽ പ്രോജക്ടിനായി കൊച്ചുമേലതിൽ ഏജൻസീസ്, സിഡ്കോ, ഏഷ്യൻ മാർക്കറ്റിംഗ് എന്നീ സ്ഥാപനങ്ങളും സതീഷ് കുമാർ എന്ന വ്യക്തിയും ടെണ്ടർ സമർപ്പിച്ചിരുന്നു. പതിനാലിനം ഉപകരണങ്ങൾക്കാണ് ടെണ്ടറിൽ വില രേഖപ്പെടുത്തിയിട്ടുള്ളത്. നാലിനം ഉപകരണങ്ങൾ ആണ് വാങ്ങിയിട്ടുള്ളത്.

2. കുറഞ്ഞ നിരക്ക് കാട്ട് ചെയ്തിട്ടുള്ള സ്ഥാപനങ്ങളെ പരിഗണിച്ചില്ല.

ലഭ്യമായ ടെണ്ടറുകൾ പരിശോധിച്ചതിൽ ഇൻസുലേഷൻ ടേപ്പ്, പെൻഡന്റ് ഹോൾഡർ, അലൂമിനിയം വയർ, മെറ്റൽ ഷെയ്ഡ് എന്നിവയ്ക്ക് കുറഞ്ഞ നിരക്ക് കോട്ട് ചെയ്തിട്ടുള്ളത് കൊച്ചുമേലതിൽ ഏജൻസീസ് ആണ്. എന്നാൽ എൽ.ഇ.ഡി. ബൾബുകൾ 12w (ISI) ക്ക് മറ്റു മൂന്നു സ്ഥാപനങ്ങളും കൊച്ചുമേലതിൽ ഏജൻസിസ് സമർപ്പിച്ച നിരക്കിനെക്കാളും കുറഞ്ഞ നിരക്കാണ് കാട്ട് ചെയ്തിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

സ്ഥാപനം	തുക (രൂപ)
കൊച്ചുമേലതിൽ ഏജൻസീസ്	127/-
സിഡ്കോ	110/-
ഏഷ്യൻ മാർക്കറ്റിംഗ്	116/-
സതീഷ് കുമാർ	114.85

9.6.23 ലെ പഞ്ചായത്ത് കമ്മിറ്റി ലഭ്യമായ ടെണ്ടറുകൾ പരിശോധിക്കുകയും തീരുമാനം 1 പ്രകാരം ഗ്രാമപഞ്ചായത്തിന് ആവശ്യമുള്ള ഇൻസുലേഷൻ ടേപ്പ് ,പെൻഡന്റ് ഹോൾഡർ, അലൂമിനിയം വയർ ,മെറ്റൽ ഷെയ്ഡ് എന്നിവയ്ക്ക് കുറഞ്ഞ നിരക്ക് കോട്ട് ചെയ്തിട്ടുള്ളത് കൊച്ചുമേലതിൽ ഏജൻസീസ് ആണെന്നും എന്നാൽ എൽ.ഈ.ഡി ബൾബുകൾക്ക് രേഖപ്പെടുത്തിയ നിരക്ക് കൂടുതലാണെന്നും 2022-23 സാമ്പത്തിക വർഷം കൊച്ചു മേലതിൽ ഏജൻസിസ് സപ്ലൈ ചെയ്ത സാധനങ്ങൾ ഗുണനിലവാരം ഉള്ളതിനാലും സേവനം തൃപ്തികരമായതിനാലും ടി സ്ഥാപനത്തോട് നെഗോസിയേഷൻ നടത്തിയശേഷം ടെണ്ടർ അംഗീകരിക്കുവാനും തീരുമാനിച്ചു.

3. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനങ്ങളുടെ നിരക്കിനേക്കാൾ കൂടിയ നിരക്കിലുള്ള നെഗോസിയേഷൻ അംഗീകരിച്ചു.

9.6.23 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം കൊച്ചുമേലതിൽ ഏജൻസീസിനെ നെഗോഷ്യേറ്റ് ചെയ്യുന്നതിനായി ക്ഷണിച്ചതിൽ 17/6/23ൽ സ്ഥാപനം ക്രോംപ്റ്റൻ ബ്രാൻഡ് എൽ.ഇ.ഡി(12w) 124/- രൂപയ്ക്കു സപ്ലൈ ചെയ്യാമെന്ന് സമ്മതിച്ചു.(കേരളാ സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖ4.1 പ്രകാരം സ്പെസിഫിക്കേഷനുകളിൽ ബ്രാന്റ് നെയിം ഉൾപ്പെടുത്തുവാൻ പാടില്ല) മറ്റു മൂന്നു സ്ഥാപനങ്ങളും കോട്ട് ചെയ്ത നിരക്കിനേക്കാൾ കൂടിയ നിരക്കിലാണ് സ്ഥാപനം നെഗോഷ്യേറ്റ് ചെയ്ത് തുക കുറച്ചിട്ടുള്ളത്. ഏറ്റവും കുറവ് നിരക്ക് കാട്ട് ചെയ്തത് സിഡ്കോയാണ്. എൽ.ഇ.ഡി. ബൾബ് 12w (ISI) ക്ക് SIDCO 110/- രൂപയാണ് കാട്ട് ചെയ്തത്. കുറഞ്ഞ നിരക്കായ 110/- രൂപയിലേക്ക് നെഗോസിയേഷൻ നടത്തിയിട്ടില്ല.

4 മത്സരാധിഷ്ഠിത നിരക്കുകൾ താരതമ്യം ചെയ്തതിന് ശേഷം വാർഷിക പദ്ധതിക്ക് പരമാവധി നേട്ടമുണ്ടാകുന്ന തരത്തിൽ വാങ്ങൽ നടത്തിയിട്ടില്ല.

സ്റ്റോർ പർച്ചേസ് മാന്വൽ ഖ. 9.18(ii) പ്രകാരം കുറഞ്ഞ നിരക്ക് സ്വീകാര്യമല്ലാത്ത സംഗതികളിൽ ആയതിനുള്ള കാരണം രേഖപ്പെടുത്തേണ്ടതും ഖ. 9.18(iv) പ്രകാരം ഓഫറുകൾ

തെരഞ്ഞെടുക്കുമ്പോൾ ഓരോ ഇനത്തിന്റെയും കുറഞ്ഞ നിരക്ക് കണക്കിലെടുക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ജി.ഒ (പി) നം. 259/2010/തസ്വഭവ തീ. 8.11.2010 പ്രൊക്യുർമെന്റ് മാർഗ്ഗരേഖ പ്രകാരം മത്സരാധിഷ്ഠിത നിരക്കുകൾ താരതമ്യം ചെയ്തതിന് ശേഷം വാർഷിക പദ്ധതിക്ക് പരമാവധി നേട്ടമുണ്ടാകുന്ന തരത്തിൽ വാങ്ങൽ നടത്തേണ്ടതാണ്.

17.6.23ൽ പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേർന്ന പ്രൊക്യുർമെന്റ് കമ്മിറ്റി യോഗത്തിൽ കൊച്ചു മേലതിൽ ഏജൻസീസുമായി നടത്തിയ നെഗോസിയേഷൻ അംഗീകരിക്കുകയും 2022-23 സാമ്പത്തിക വർഷം കൊച്ചു മേലതിൽ ഏജൻസീസ് സപ്ലൈ ചെയ്ത സാധനങ്ങൾ ഗുണനിലവാരം ഉള്ളതിനാൽ ടി സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകാൻ പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്യുവാനും തീരുമാനിച്ചു.

19.6.23 ലെ ജനറൽ കമ്മിറ്റി തീരുമാനം 2 പ്രകാരം മുൻവർഷം കൊച്ചുമേലതിൽ ഏജൻസീസ് സപ്ലൈ ചെയ്ത സാധനങ്ങൾ ഗുണനിലവാരം ഉള്ളതിനാൽ ടി സ്ഥാപനത്തിന്റെ നെഗോസിയേഷൻ അംഗീകരിച്ച് സ്ഥാപനത്തിന്റെ ടെണ്ടർ യോഗം ഐകകണ്ഠേന അംഗീകരിച്ചു.

മേൽ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് 12.7.23 ലെ Sc3-2040/23 നം. കത്ത് മുഖേന സപ്ലൈ ഓർഡർ നൽകി. ഇൻവോയ്സ് നം. 178/23-24 തീ 1.8.23 പ്രകാരം സ്ഥാപനം പെൻഡന്റ് ഹോൾഡർ, അലൂമിനിയം വയർ, അലൂമിനിയം ഷെയ്ഡ് എൽ.ഇ.ഡി. ബൾബ് എന്നിവ സപ്ലൈ ചെയ്തു.

നഷ്ടത്തിന്റെ വിശദാംശം

ഇൻവോയ്സ് നം 178/23-24 തീ 1.8.23 പ്രകാരം സ്ഥാപനത്തിൽ നിന്നും 3667 ക്രോംപ്റ്റൻ ബ്രാൻഡ് എൽ.ഇ.ഡി(12w) ബൾബുകൾ (ഇൻവോയ്സ് പ്രകാരം ബൾബ് ഒന്നിന് 124.01 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്.) വാങ്ങിയ വില = 454730.73 രൂപ.

സിഡ്കോയിൽ നിന്നും 110/- രൂപ നിരക്കിൽ വാങ്ങിയിരുന്നെങ്കിൽ ചെലവാകുമായിരുന്ന തുക = 403370/- രൂപ.

നഷ്ടം = 51,360/- രൂപ.

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻകയറിക്ക് (നം. 6/24 തീ 16.11.24) മറുപടിയായി തെരുവ് വിളക്കുകളുടെ പരിപാലനം മാർച്ച് മാസത്തിൽ അവസാനിച്ചു കഴിഞ്ഞാൽ പിന്നെ 2023-24 സാമ്പത്തിക വർഷത്തെ ടെണ്ടർ നടപടികൾ പൂർത്തിയാകുന്നതുവരെ കാത്തിരിക്കുന്നത് ജനരോക്ഷത്തിനും പ്രതിഷേധത്തിനും ഇടയാക്കുന്നതിനാൽ ടെണ്ടർ നടപടികൾ പെട്ടന്ന് പൂർത്തീകരിച്ച് പരിപാലനം തുടങ്ങുവാനും, ഓണത്തിന് മുമ്പ് തന്നെ എല്ലാ വാർഡുകളിലേയും പ്രവൃത്തി പൂർത്തീകരിക്കുവാനും ഭരണസമിതിയംഗങ്ങൾ ആവശ്യപ്പെട്ടിരുന്നുവെന്നും വാർഡ് മെമ്പർമാരുടെ ആവശ്യപ്രകാരം വാർഡുകളിലേക്ക് വേണ്ടിവരുന്നതിന് സാധ്യതയുള്ള 8 ഇനം സാധനങ്ങളുടെ വില താരതമ്യം ചെയ്തപ്പോൾ കുറവ് രേഖപ്പെടുത്തിയത് കൊച്ചുമേലതിൽ ഏജൻസീസ് ആണെന്നും അറിയിച്ചു. കൂടാതെ ടി സ്ഥാപനം മുൻവർഷം ക്രോംപ്റ്റൺ ബ്രാൻഡ് ബൾബുകളും ഗുണനിലവാരമുള്ള മറ്റ് സാധനങ്ങളും സമയബന്ധിതമായി വിതരണം ചെയ്യുകയും നിർവ്വഹണം തൃപ്തികരമായി പൂർത്തിയാക്കുവാനും സാധിച്ചു എന്നും, ഏഷ്യൻ മാർക്കറ്റിംഗ് ക്രോംപ്റ്റൺ ബൾബുകൾ വിതരണം ചെയ്യുവാൻ സാധിക്കുകയില്ല എന്നറിയിച്ചതിനാലും മറ്റ് സ്ഥാപനങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്ക് ശേഷം ടെണ്ടർ അംഗീകരിക്കുന്നത് താമസം ഉണ്ടാക്കുമെന്നും, തൃശ്ശൂർ ആസ്ഥാനമായ സ്ഥാപനം സമയബന്ധിതമായി സാധനം വിതരണം ചെയ്യുമെന്ന് വിശ്വാസ്യത ഇല്ലാത്തതിനാലും ആണ് കൊച്ചുമേലതിൽ ഏജൻസീസിന് കരാർ ഉറപ്പിച്ചു കൊടുക്കുവാൻ തീരുമാനിച്ചത് എന്ന് മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ടി മറുപടി അംഗീകരിക്കത്തക്കതല്ല. സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും വിരുദ്ധമായാണ് വാങ്ങൽ നടത്തിയിരിക്കുന്നത്.

നഷ്ട തുക 51,360/- രൂപ നിർവഹണോദ്യോഗസ്ഥ, ടെണ്ടർ അംഗീകരിച്ച പ്രൊക്യുർമെന്റ് കമ്മിറ്റി അംഗങ്ങൾ, ടെണ്ടർ അംഗീകരിച്ച പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ എന്നിവരിൽനിന്നും നിന്നും 2,854/-രൂപ ക്രമത്തിൽ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പ്രൊക്യുർമെന്റ് മാനുവൽ, സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ച് സുതാര്യതയും മത്സരക്ഷമതയും ഉറപ്പുവരുത്തി മാത്രം വാങ്ങൽ നടപടികൾ പൂർത്തിയാക്കേണ്ടതും, ജെം മുഖേന പർച്ചേസ്

ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
ഓഡിറ്റ് എൻകൗയറി നം. – 6/16.11.2024.
നിരാകരിച്ച തുക – 51,360/-രൂപ.

1-19 പ്രോജക്ട് ചെലവിന് ഗുണഭോക്തൃ വിഹിതം വിനിയോഗിച്ചില്ല – വികസനഫണ്ടിൽ നിന്ന് അധികച്ചെലവ്

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 'വനിതാ ഗ്രൂപ്പിന് വാദ്യമേളം' എന്ന പ്രോജക്ടിനായി (നം. 117/24) വികസന ഫണ്ട് (എസ്.സി.പി.) ൽ നിന്നും ₹3,35,300/- ചെലവഴിച്ചിട്ടുണ്ട്.

ചെലവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ആകെ ചെലവ് തുക ₹3,35,300/-

(ബിൽ നം. 07/15.06.23 - ₹1,75,000/-, ബിൽ നം. 28/24.11.23 - ₹82,800/-, ബിൽ നം. 40/26.03.24 ₹77,500/-)

പ്രോജക്ട് നടത്തിപ്പിൽ ഗുണഭോക്തൃവിഹിതമായി അഞ്ചു ശതമാനം തുക വിനിയോഗിക്കേണ്ടതുണ്ട്. ഗുണഭോക്തൃ ഗ്രൂപ്പായ 'ജനനി ശിങ്കാരിമേളം വനിതാ കലാ സമിതി' ഗുണഭോക്തൃ വിഹിതം ഇനത്തിൽ ₹16,765/- ഗ്രാമപ്പഞ്ചായത്തിൽ ഒടുക്കിയിരുന്നെങ്കിലും പ്രോജക്ട് നടത്തിപ്പിനായി തുക വിനിയോഗിച്ചില്ല. ആയതിനാൽ വികസന ഫണ്ടിൽ നിന്നും ₹3,18,535/- ന് പകരം ₹3,35,300/- ചെലവഴിച്ചിട്ടുണ്ട്.

ഗുണഭോക്തൃ വിഹിതം ഇനത്തിലെ തുക പ്രോജക്ട് ചെലവിനായി വിനിയോഗിച്ചിട്ടില്ലാത്തതിനാലും വികസന ഫണ്ടിൽ നിന്നും അധികച്ചെലവ് ഉണ്ടായിട്ടുണ്ടെന്നതിനാലും വികസന ഫണ്ടിൽ നിന്നുള്ള ₹16,765/- ടെ ചെലവ് തടസ്സപ്പെടുത്തുന്നു. തനത് ഫണ്ടിൽ നിന്നും ₹16,765/- സർക്കാരിലേക്ക് ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.
തടസ്സപ്പെടുത്തിയ തുക – 16,765/-രൂപ.

1-20 പ്രോജക്ട് നടത്തിപ്പിൽ സബ്സിഡി നിർദ്ദേശങ്ങൾക്കനുസൃതമായ രേഖകകൾ സൂക്ഷിച്ചിട്ടില്ല

പ്രോജക്ട് – ഭിന്നശേഷിക്കാർക്ക് പെട്ടിക്കട (141/24)
അടങ്കൽ തുക – 2,25,000/-രൂപ (വികസനഫണ്ട് – പൊതുവിഭാഗം)
നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

'ഭിന്നശേഷിക്കാർക്ക് പെട്ടിക്കട' എന്ന പ്രോജക്ടിന്റെ (നം. 141/24) നടത്തിപ്പിൽ സബ്സിഡി നിർദ്ദേശങ്ങൾക്കനുസൃതമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

ഭിന്ന ശേഷിക്കാരായ ആറ് ഗുണഭോക്താക്കൾക്ക് വികസന ഫണ്ടിൽ നിന്നും ₹2,24,990/- (ബിൽ നം. 01/17.08.23) ചെലവ് ചെയ്ത് പെട്ടിക്കടകൾ വാങ്ങി നല്കിയിട്ടുണ്ട്. എന്നാൽ സബ്സിഡി മാർഗ്ഗരേഖ (28.05.22 ലെ സർക്കാർ ഉത്തരവ് (കൈ) നം. 115/22/തസ്വഭവ ഖ. 6.5.2(14)) പ്രകാരം പെട്ടിക്കടയ്ക്ക് ഗ്രാമപഞ്ചായത്ത് ഓവർസിയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുണ്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹2,24,990/- ടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പെട്ടിക്കടകൾ തിരുവല്ല സിഡ്കോ യൂണിറ്റിൽ നിന്നും ടെണ്ടർ നടപടികൾ പാലിക്കാതെ നേരിട്ടു വാങ്ങിയതിനുള്ള കാരണം ലഭ്യമാക്കുന്നതിനു് ആവശ്യപ്പെട്ടതിൽ സിഡ്കോയുടെ ചെറുകിട നിർമ്മാണ യൂണിറ്റുകളിൽ ഉല്പാദിപ്പിച്ചിട്ടുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് 22.06.18 ലെ സർക്കാർ ഉത്തരവ് നം. 1696/2018/തസ്വഭവ പ്രകാരം അനുവാദം നല്കിയിട്ടുള്ളതിനാലാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ 16.12.23 ലെ സർക്കാർ ഉത്തരവ് ((സാധാ) നം. 147/2023/എസ് പിഡി) പ്രകാരം ടെണ്ടർ ഇളവ് അനുവദിച്ചിട്ടില്ലാത്ത സിഡ്കോ ഉല്പന്നങ്ങൾ വാങ്ങുമ്പോൾ സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

വാങ്ങലുകൾ നടത്തുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ കർശനമായിപാലിക്കേണ്ടതാണ്.
ഓഡിറ്റ് എൻകൗയറി നം. 9/18.11.2024.

തടസ്സപ്പെടുത്തിയ തുക – 2,24,990/-രൂപ.

1-21 വീട് വാസയോഗ്യമാക്കൽ - ആദ്യ ഗഡു ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല

വീട് വാസയോഗ്യമാക്കൽ പ്രോജക്ടുകൾ പ്രകാരം ആദ്യ ഗഡു ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം,	ഗുണഭോക്താവിന്റെ പേര് ((ശ്രീ/ ശ്രീമതി), വിലാസം,വാർഡ് നം.	കരാർ തീയതി/ ആദ്യഗഡു നൽകിയ തീയതി	ആകെ സബ്സിഡി ₹	നാളിതുവരെ അനുവദിച്ച സബ്സിഡി ₹
1	മനു ആർ, നല്ലാംതറയിൽ, ആനയടി പി.ഒ വാർഡ്-3	25.01.2023/28.03.2023 പ്രോജക്ട് നം. 118	1,00,000/-	50,000/-
2	പ്രസന്ന സി, നടുവിലേയിൽ, പടിഞ്ഞാറ്റമുറി ശൂരനാട് വടക്ക് പി.ഒ, വാർഡ്-17	04.012023/28.03.2023 പ്രോജക്ട് നം. 118	1,00,000/-	50,000/-

ഗുണഭോക്താക്കളെക്കൊണ്ട് ഭവനപുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിപ്പിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇവർക്ക് നൽകിയിട്ടുള്ള മുൻകൂർ തുക നിയമാനുസൃത നടപടികളിലൂടെ തിരികെ ഈടാക്കേണ്ടതാണ്.

1-22 ലൈഫ് ഭവന നിർമ്മാണ പദ്ധതി- ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി കരാറിൽ ഏർപ്പെട്ടിരുന്ന ഗുണഭോക്താക്കളിൽ പട്ടികയിൽ ഉൾപ്പെട്ടവർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഒരു വീട് പൂർത്തീകരിക്കുന്നതിനായി ഒരു ഗുണഭോക്താവിന് നാല് ലക്ഷം രൂപയാണ് അനുവദിക്കുന്നത്.

നിർവ്വഹണോദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു തുകകൾ കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിവരം ലൈഫ് ഭവന പദ്ധതി രജിസ്റ്റർ, നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നല്കിയത് എന്നിവ പ്രകാരമുള്ളത് താഴെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്(ശ്രീ, ശ്രീമതി), വിലാസം, വാർഡ് നം.	കരാർ തീയതി ആദ്യഗഡു നൽകിയ തീയതി	ആകെ സബ്സിഡി (₹)	നാളിതുവരെ അനുവദിച്ച സബ്സിഡി തുക (₹)
1	പ്രദീപ് പി, കൈതവനത്തറപുത്തൻവീട്, വാർഡ്-10	22.10.22 07.01.23	4,00,000/-	2,00,000/-
2	ഗീത, നീതുഭവനം, പുലിക്കുളം, വാർഡ്-1	23.08.23	4,00,000/-	40,000/-
3	രഘു, കോയിപ്പുറത്തയ്യത്ത്, പടി.കിഴക്ക്, വാർഡ്-14	22/05/23	4,00,000/-	40,000/-
4	രാജൻ.എ), കുളങ്ങരവടക്കതിൽ, പടിഞ്ഞാറ്റമുറി, വാർഡ്-16	30/10/21	4,00,000/-	40,000/-
5	അമ്മിണി, അരവിന്ദാലയം, ആനയടി പി.ഒ, വാർഡ്-3	22/5/23	4,00,000/-	40,000/-
6	ശാന്ത, മീനത്തിൽ പുത്തൻ വീട്, പുലിക്കുളം, വാർഡ് 1	22/5/23	4,00,000/-	40,000/-
7	മഞ്ചു ബി, ഊരാളി പറമ്പിൽ, ആനയടി പിഒ,	22/5/23	4,00,000/-	40,000/-

	വാർഡ് 3			
8	ലീല, ആതിര ഭവനം, പുലിക്കുളം, വാർഡ് 1	22/5/23	4,00,000/-	40,000/-
9	ഗീത ജെ, കാഞ്ഞിരത്തിനാൽപടീറ്റതിൽ, പാറക്കടവ്, വാർഡ് 18	22/5/23	4,00,000/-	40,000/-

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി വിലയിരുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ടുകൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തവരുണ്ടെങ്കിൽ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് നാളിതുവരെ അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

1-23 തെരുവ് വിളക്കുകളുടെ പരിപാലനം-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പ്രോജക്ടിന്റെ പേരും നമ്പരും	തെരുവ് വിളക്ക് പരിപാലനം (3/24)
അടങ്കൽ തുക	4,90,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവഴിച്ച തുക	3,38,830/-രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷം തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി കരാറുകാരന് നൽകിയ വേതനമിനത്തിൽ 3,38,830/-രൂപ ചെലവഴിച്ചിട്ടുമുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച 15.09.2011 ലെ 3055/ഡിഎ3/2011/തസ്വഭവ ഉത്തരവ് പ്രകാരം തെരുവ് വിളക്ക് മെയിന്റനൻസിന് ടെണ്ടർ വിളിക്കുന്നതിന് മുൻപ് കെ.എസ്.ഇ.ബി.യും സ്ഥാപനവും സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ ബോധ്യപ്പെടേണ്ടതും ആയതിന്റെ വിവരം ടെണ്ടർ രേഖകളിൽ വ്യക്തമായി പരാമർശിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

2) പരാതി രേഖപ്പെടുത്തുന്നതിനായി കോണ്ടാക്റ്റ് നമ്പറുകൾ പരസ്യപ്പെടുത്തേണ്ടതും, തെരുവുവിളക്കുകളുടെ സ്ഥാപിക്കൽ, പരിപാലനം എന്നിവ സംബന്ധിച്ച പരാതി രജിസ്റ്റർ പരിപാലിക്കുകയും, പോസ്റ്റുകളിൽ നിന്ന് അഴിച്ചു മാറ്റുന്ന കേടായ സാധനങ്ങൾ അതാത് ദിവസം തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും, സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള സ്റ്റോക്ക് ഇൻ രജിസ്റ്ററും, സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റിക്കൺസിൽ ചെയ്യേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നതായി കാണുന്നില്ല.

3) മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കുന്നില്ല.

മേൽ വിഷയങ്ങളിന്മേൽ വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ എൻകൃയറിക്ക് (നം. 25/24-21.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. തെരുവ് വിളക്ക് പരിപാലനം സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് സുതാര്യമായി നടത്തേണ്ടതാണ്.

1-24 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക വർഷാവസാനം തിരികെ ഒടുക്കിയില്ല

ധനകാര്യ വകുപ്പിന്റെ 09.03.2023-ലെ സ.ഉ.(കൈ) നം. 38/2023/ധന നമ്പർ ഉത്തരവ് പ്രകാരം ഡിപ്പോസിറ്റ് വർക്കിനായി പ്രാദേശിക സർക്കാരുകൾ അക്രഡിറ്റഡ് ഏജൻസികളിൽ നിക്ഷേപിച്ചിട്ടുള്ള തുക പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം ചിലവഴിക്കാത്ത തുക അതാത് സാമ്പത്തിക വർഷം തന്നെ പ്രാദേശിക സർക്കാരുകൾ സംസ്ഥാന സഞ്ചിത നിധിയിൽ തിരിച്ചടക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ഡെപ്പോസിറ്റ് വർക്കിനായി കേരള വാട്ടർ അതോറിറ്റി (2015 മുതൽ), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് (2017 മുതൽ), പബ്ലിക് വർക്ക്സ്

ഡിപ്പാർട്ട്മെന്റ് എന്നീ നിർവ്വഹണ ഏജൻസികൾക്ക് വാർഷിക കണക്കുകൾ പ്രകാരം 90,84,576/- രൂപ വിവിധ പ്രവൃത്തികൾക്കായി നൽകിയിട്ടുണ്ട്. ടി തുകകൾ ഏതെല്ലാം പ്രവൃത്തികൾക്ക് ഏത് വർഷം നൽകി എന്നത് സംബന്ധിച്ചും, നൽകിയ തുകകളിൽ വിനിയോഗിച്ചതിന്റെയും, ടി ഏജൻസികളിൽ നിന്നും തിരികെ ലഭിക്കാനുള്ള തുകകൾ എന്നിവയുടെയും വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മേൽ പ്രവർത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിയ്ക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ കേരള വാട്ടർ അതോറിറ്റി (2015 മുതൽ), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നീ ഏജൻസികൾ പ്രവൃത്തികൾ പൂർത്തീകരിക്കാത്തത് തുടർനടപടികളുടെ അഭാവം കൊണ്ടാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്കായി നൽകിയിട്ടുള്ള തുകകൾ തിരികെ ഈടാക്കി, സർക്കാർ നിർദ്ദേശപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി – 13/18.11.2024.

